## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1316 — 06.03.2018-ൽ മറുപടിയ്ക്ക്.

### തദ്ദേശ മിത്രം പദ്ധതി - എം.ഐ.എസ്. സോഫ്റ്റ് വെയർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ. സി.കെ.നാണു**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ. കെ.ബി.ഗണേഷ് കുമാർ** | | **ഡോ.കെ.റ്റി.ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന തദ്ദേശ മിത്രം പദ്ധതിയിൽ, തദ്ദേശസ്ഥാപനങ്ങളുടെ സോഫ്റ്റ് വെയറുകൾ ഏകോപിപ്പിച്ച് പുതിയ എം.ഐ.എസ്. സോഫ്റ്റ് വെയർ (മാനേജ്മെന്റ് ഇൻഫൊർമേഷൻ സിസ്റ്റം ) തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | തദ്ദേശ സ്ഥാപനങ്ങളുടെ ആസൂത്രണവും മോണിട്ടറിങ്ങും കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശ മിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു എം.ഐ.എസ് വികസിപ്പിക്കുന്നതിനായി നിലവിലുള്ള ചില സോഫ്റ്റ് വെയറുകളെ ഏകോപിപ്പിക്കുവാനും ജി.ഐ.എസ് മൊബൈൽ അപ്ലിക്കേഷൻ പോലുള്ള സിസ്റ്റം ഇതിന്റെ ഭാഗമാക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്.<br>തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടുകളും അതിന്റെ ചെലവ് വിവരങ്ങളും കൃത്യമായി മോണിട്ടർ ചെയ്യുക, തദ്ദേശ സ്ഥാപനങ്ങൾ നടത്തുന്ന പദ്ധതികൾ അവലോകനം |

| | | | |
|---|---|---|---|
| | | | ചെയ്യുക. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിവിധ ഔദ്യോഗിക തലങ്ങളിൽ വിലയിരുത്തുന്നതിനോടൊപ്പം തന്നെ പ്രവർത്തന പുരോഗതി പൊതുജനങ്ങളിൽ എത്തിക്കുക, സാമൂഹിക സാമ്പത്തിക ജനസംഖ്യാപരമായ വിവരങ്ങളും ഒപ്പം തന്നെ സ്ഥലപരമായ ഭൗതിക വിവര ശേഖരണവും ഉൾപ്പെടുത്തുക തുടങ്ങിയ ആശയങ്ങൾ സോഫ്റ്റ് വെയർ മുഖേന പ്രാവർത്തികമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| **(ബി)** | ഇതിനായി കൺസൾട്ടന്റിനെ നിയമിച്ചത് എന്നാണെന്നും കരാർ കാലാവധി എത്ര വർഷത്തേക്കായിരുന്നുവെന്നും എത്രപ്രാവശ്യം കരാർ കാലാവധി നീട്ടിനല്കിയെന്നും നിലവിൽ കരാർ പ്രാബല്യത്തിലാണോയെന്നും വ്യക്തമാക്കുമോ; | **(ബി)** | ഈ പ്രവർത്തനത്തിനായി 2015 മാർച്ച് മാസത്തിൽ ലോകബാങ്ക് നിർദേശിച്ച മാനദണ്ഡ പ്രകാരം കൊൽക്കത്ത ആസ്ഥാനമായുള്ള ഐ.പി.ഇ ഗ്ലോബൽ എന്ന കൺസൾട്ടന്റിനെ 8 മാസ കാലാവധി അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുകയും ചുമതലപ്പെടുത്തുകയും ഉണ്ടായി. പ്രസ്തുത കാലാവധിക്കുള്ളിൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്തത് മൂലം കാലാവധി മൂന്നു തവണ ദീർഘിപ്പിച്ചു നൽകുകയുണ്ടായി. ടി കാലാവധി 2017 നവംബർ 30 ന് അവസാനിക്കുകയുണ്ടായി. അതിനു ശേഷം കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടില്ലാത്തതിനാൽ കരാർ നിലനിൽക്കുന്നില്ല. |
| **(സി)** | കരാർ തുക എത്രയായിരുന്നുവെന്നും നാളിതുവരെ എത്ര തുക നല്കിയിട്ടുണ്ടെന്നും അറിയിക്കുമോ; | **(സി)** | കരാർ തുക മൊത്തത്തിൽ 1,50,52,884/- രൂപയാണ്. കരാർ തുക ToR പ്രകാരം 7 വ്യത്യസ്ത ഗഡുക്കളായി കൊടുക്കേണ്ടതാണ്. ഓരോ ഗഡുക്കളും കൊടുക്കുന്നതിനു വേണ്ടി കൺസൾട്ടന്റ് ToR -ൽ |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ചിട്ടുള്ള ഘടകങ്ങൾ വിജയകരമായും പ്രവർത്തന ക്ഷമമായും സമർപ്പിക്കേണ്ടതാണ്. ഇതിൻ പ്രകാരം ഇതിനോടകം നാലു ഗഡുക്കൾ അംഗീകരിക്കുകയും 75,26,440/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയെക്കുറിച്ച് ലോകബാങ്കിന്റെ നിരീക്ഷണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;വിശദീകരിക്കുമോ; | (ഡി) | ഭാവിയിൽ വിലപ്പെട്ട സംഭാവന നല്കാൻ കഴിയുന്ന ഒരു സംവിധാനമെന്നാണ് ലോക ബാങ്ക് ഈ പദ്ധതിയെ വിലയിരുത്തിയിട്ടുള്ളത്. |
| (ഇ) | ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇതു വരെ അംഗീകരിച്ചിട്ടുള്ള ഘടകങ്ങൾ ഐ.കെ.എം -ന്റെ സാങ്കേതിക അനുമതിയോടെയാണ് സ്വീകരിച്ചിട്ടുള്ളതും പണം നൽകിയിട്ടുള്ളതും. എന്നാൽ അഞ്ചാം ഘടകമായ operational acceptance ന് ഐ.കെ.എം -ന്റെ സാങ്കേതിക അനുമതി ഇതു വരെ ലഭിച്ചിട്ടില്ല. തന്മൂലം ലോകബാങ്കിന്റെ ധന സഹായം നൽകുവാനും കഴിഞ്ഞിട്ടില്ല. പൂർണ്ണമായും ലോകബാങ്ക് സഹായത്തോടെ യാണ് ഈ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. ലോക ബാങ്ക് ധന സഹായം 2017 ഡിസംബർ 29 ന് അവസാനിച്ചത് കാരണം ഈ പദ്ധതിയുടെ ഭാവി ചിലവുകൾ തദ്ദേശ മിത്രം ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ കഴിയാത്തതിനാൽ പദ്ധതിയുടെ പൂർത്തീകരണത്തിനായി പ്രത്യേക അനുമതി നൽകണമെന്ന് ലോകബാങ്കിനോട് ആവശ്യപ്പെട്ടുവെങ്കിലും ബാങ്ക് അവശ്യം നിരസ്സിക്കുകയുണ്ടായി. ഈ |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ പദ്ധതി പൂർത്തീകരണം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ഒരു പ്രൊപ്പോസൽ കെ.എൽ.ജി.എസ്.ഡി.പി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ അത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ